പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1681

10.02.2020-ൽ മറുപടിക്ക്

# ഡി.ആർ.ഡി.എ.കളിലെ ജീവനക്കാരുടെ ശമ്പളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.ജോർജ് | എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഡി.ആർ.ഡി.എ. കളിലെ ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) ഉണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടും ആയതിന്റെ 40% സംസ്ഥാന വിഹിതവും ഉപയോഗിച്ചാണ് ജീവനക്കാരുടെ ശമ്പള വിതരണവും മറ്റ് ആഫീസ് ചെലവുകളും നടത്തുന്നത്. മതിയായ കേന്ദ്ര വിഹിതത്തിന്റെ അഭാവവും ആയത് ലഭിക്കുന്നതിലെ കാലതാമസവും മൂലമാണ് ജീവനക്കാർക്ക് ശമ്പളം മുടങ്ങുന്ന സാഹചര്യമുണ്ടായത്. |
| ബി) സാമാജികരുടെ ആസ്തി വികസന ഫണ്ട് പ്രകാരമുളള പദ്ധതികൾ അടക്കം നടപ്പിലാക്കുന്ന എ.ഡി.സി. ഓഫീസുകളിൽ ജോലി ഭാരം അധികരിച്ചിരിക്കുന്നതിനാൽ ഡി.ആർ.ഡി.എ.-കളിലെ ജീവനക്കാരെ എ.ഡി.സി. ഓഫീസുകളിൽ പുനർവിന്യസിക്കുന്ന കാര്യം സർക്കാർ അടിയന്തിരമായി പരിശോധിക്കുമോ; വിശദമാക്കാമോ? | ബി) കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന ഫണ്ടിന്റെ ലഭ്യതയ്ക്ക് ആനുപാതികമായി ഡി.ആർ.ഡി.എ.-യിൽ ജീവനക്കാരെ നിലനിർത്തി ബാക്കിയുളളവരെ മറ്റ് ഓഫീസുകളിലേക്ക് പുനർവിന്യസിക്കുന്നതിനായി ഗ്രാമ വികസന കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. |

(signature)

സെക്ഷൻ ഓഫീസർ